കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -അറവുശാല നിർമ്മാണത്തിനുള്ള സർക്കാർ ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(എം.എസ്)നം: 255/2009/തസ്വഭവ തിരുവനന്തപുരം, തീയതി: 24/12/2009

---

പരാമർശം:- 1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11/6/09-ലെ SM(c)/1382/09-ാം നമ്പർ കത്ത്.

2. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റിയുടെ 10/11/09-ലെ 1.3-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന സർക്കാർ ധനസഹായം ഉയർത്തണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുകളിൽ പരാമർശിച്ച കത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. പഞ്ചായത്തുകൾതോറും അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള വിഷമതകൾ പരിഗണിച്ച് ഒന്നിലധികം പഞ്ചായത്തുകൾ ചേർന്ന് പൊതുവായ അറവുശാലകൾ സ്ഥാപിക്കുന്നത് കൂടി പരിഗണിക്കണമെന്നും ശുചിത്വമിഷൻ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തുകൾ ഒറ്റയ്ക്കോ, ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്നോ (പരമാവധി മൂന്ന് പഞ്ചായത്തുകൾ ചേർന്ന്) അറവുശാലകൾ സ്ഥാപിക്കാവുന്നതാണ്. അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള ചെലവുകൾ ഉത്പാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി സർക്കാരിൽ നിന്നുള്ള ധനസഹായം നിലവിലുള്ള 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

അറവുശാല നിർമ്മാണത്തിനാവശ്യമായ സാങ്കേതിക സഹായത്തിന് ഗ്രാമ പഞ്ചായത്തുകൾക്ക് ശുചിത്വ മിഷൻ ഡയറക്ടറെ സമീപിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം.വിജയാനന്ദ്

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഗ്രാമപഞ്ചായത്തുകൾക്ക് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) /(എ& ഇ) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ:
വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
ധനകാര്യവകുപ്പ്, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ് (ഉപരിപത്രം സഹിതം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.